പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം: 1040

14/06/2012-ൽ മറുപടി

നല്കേണ്ടത്

## പൊതു ഭൂമി സംരക്ഷണ സേന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനും ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) ഇക്കാര്യത്തിനായി പൊതുഭൂമി സംരക്ഷണ സേന(പി.എൽ.പി.എഫ്.) രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) യും (ബി) യും<br>സർക്കാർ ഭൂമിയിലെ കൈയേറ്റം തടയുന്നതിനായി 17/03/2012ലെ ജി.ഒ.(എംഎസ്) നം. 111/12/റവന്യൂ ഉത്തരവ് പ്രകാരം പൊതുഭൂമി സംരക്ഷണസേന രൂപീകരിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ അതിന്റെ ഘടന വിശദമാക്കുമോ ? | (സി)ലാന്റ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ സംരക്ഷണത്തിനായി പബ്ളിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിക്കുന്നതിനായി 20 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ കൈയേറ്റം ഒഴിപ്പിക്കുക എന്നതാണ് വിമുക്തഭടന്മാരിൽ തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി രൂപീകരിച്ച പബ്ളിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ പ്രാഥമിക ചുമതല. പബ്ളിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് അംഗങ്ങളെ ഇടുക്കി ജില്ലയിൽ വിന്യസിച്ചിട്ടുണ്ട്. ഓരോ വില്ലേജിലെയും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഭൂമിയുടെ സമീപത്തുള്ള വീടുകളിൽ ബീറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അതാത് വില്ലേജാഫീസറും പബ്ളിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് അംഗങ്ങളും മാസത്തിലൊരിക്കൽ ബീറ്റ് രജിസ്റ്ററിൽ ഒപ്പുവയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ